പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1873

16.2.2016-ൽ
മറുപടിയ്ക്ക്

# എക്സൈസ് വകുപ്പിന്റെ ആധുനികവത്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ.കെ.എസ്.ശബരിനാഥൻ :<br>ശ്രീ.എം.എ.വാഹിദ് : | കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | എക്സൈസ് വകുപ്പിന്റെ ആധുനികവത്കരണത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | ആധുനികവൽക്കരണത്തിനായി പദ്ധതി/പദ്ധതിയേതര ഇനങ്ങളിൽ തുക അനുവദിച്ചിട്ടുണ്ട്.<br><br>എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുക, ലൈസൻസ് ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലൂടെ ശുദ്ധമായ മദ്യം നൽകുന്നുവെന്ന് ഉറപ്പ് വരുത്തുക, ചെക്ക് പോസ്റ്റുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സ്റ്റേറ്റ് എക്സൈസ് അക്കാഡമിയെ നവീകരിക്കുക, ഫീൽഡ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക, വാഹന പരിശോധന കാര്യക്ഷമമാക്കുക, കേസുകൾ കണ്ടെടുക്കുന്നതിനും ആയതിന്റെ ഫലപ്രദമായ അന്വേ |

ഷണത്തിനും ജീവനക്കാരെ സജ്ജരാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്. ടി ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി എക്സൈസ് ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിക്കുന്നതിനും, ലൈസൻസ്ഡ് സ്ഥാപനങ്ങളിൽ ശുദ്ധമായ കള്ള്/മദ്യം മാത്രമേ വിൽക്കുന്നുള്ളൂവെന്ന് ഉറപ്പ് വരുത്തുവാനായി മേഖല തലത്തിൽ ഓരോ മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബ് ആരംഭിക്കുന്നതിനും, സ്റ്റേറ്റ് എക്സൈസ് അക്കാദമി & റിസർച്ച് സെന്ററിനെ ദേശീയ നിലവാരത്തിലുള്ള ഒരു ട്രെയിനിംഗ് സ്ഥാപനമായി മാറ്റുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കേസുകൾ കണ്ടുപിടിക്കുന്നതിനും അന്വേഷണം ഫലപ്രദമായി നടത്തുന്നതിനും മദ്യമയക്കുമരുന്നു വിൽപ്പനയ്ക്കും കടത്തിനുമെതിരെ രഹസ്യവിവരം ശേഖരിക്കുന്നതിനും മറ്റും ജീപ്പുകൾ, മോട്ടോർ ബൈക്കുകൾ, സിം കാർഡുകൾ തുടങ്ങിയവ നൽകുന്നതിനും ഫീൽഡ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമായി കൈയ്യാമങ്ങൾ, വെയിംഗ് മെഷീനുകൾ, ക്യാമറ, റയിൻകോട്ട്, ട്രോളീ ലാഡറുകൾ തുടങ്ങിയ സാമഗ്രികൾ വാങ്ങുന്നതിനും എക്സൈസ്

സേനയെ സമഗ്രമായി നവീകരിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചു.

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(സി) **മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബ്**

ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ശുദ്ധമായ മദ്യം/കള്ള് മാത്രമേ വിതരണം ചെയ്യുന്നുള്ളൂവെന്ന് ഉറപ്പ് വരുത്തുന്നതിനു വേണ്ടി ദക്ഷിണമേഖല കേന്ദ്രീകരിച്ച് തിരുവനന്തപുരം ജില്ലയിൽ ഒരു മൊബൈൽ ലാബ് പ്രവർത്തിച്ചുവരുന്നു. കൂടാതെ മദ്ധ്യമേഖല കേന്ദ്രീകരിച്ചും, ഉത്തരമേഖല കേന്ദ്രീകരിച്ചും ഓരോ മൊബൈൽ ലാബ് തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ മദ്ധ്യമേഖല കേന്ദ്രീകരിച്ച് ഒരു മൊബൈൽ ലാബ് പ്രവർത്തനസജ്ജമായിട്ടുള്ളതും ഉത്തരമേഖല കേന്ദ്രീകരിച്ച് തുടങ്ങുന്ന ലാബിനു വേണ്ടി 11,11,640/- രൂപ ചിലവിൽ ഒരു ബസ് വാങ്ങിയിട്ടുള്ളതും ടി ലാബ് സജ്ജീകരിക്കുന്നതിന് ഉപകരണങ്ങളും കെമിക്കൽസും മറ്റും വാങ്ങുന്നതിനുമായി 40 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

## ചെക്ക്പോസ്റ്റുകളിൽ ക ണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിയ്ക്കൽ

എക്സൈസ് വകുപ്പിലെ ചെക്ക്പോസ്റ്റുകളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ഒരു കോടി ഇരുപത്തി രണ്ട് ലക്ഷം രൂപ ചിലവിൽ തെരഞ്ഞെടുത്ത 12 ചെക്ക്പോസ്റ്റുകളിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നടപ്പ് സാമ്പത്തിക വർഷം കണ്ടെ യ്നർ മൊഡ്യൂൾ സ്ഥാപിക്കുന്നതിന് 80 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും ആയത് ഉപയോഗപ്പെടുത്തി തെരഞ്ഞെടുത്ത 7 ചെക്ക്പോസ്റ്റുകളിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന ക ണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

## എക്സൈസ് അക്കാദമി നവീകരണം

എക്സൈസ് അക്കാദമിയുടെ നവീകരണത്തിനായി താഴെ പറയും പ്രകാരമുള്ള തുക ചെലഴിച്ചുകൊണ്ട് വിവിധ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| വർഷം | അനുവദിച്ചത് | ചെലവഴിച്ചത് |
|---|---|---|
| 2012-13 | 50 ലക്ഷം | 49.83 ലക്ഷം |
| 2013-14 | 40 ലക്ഷം | 39,94,365 |
| 2014-15 | 1.5 കോടി | 1,48,92,071 |

കൂടാതെ 2015-16 സാമ്പത്തികവർഷം **2.3** കോടി രൂപ വിവിധ വികസന പദ്ധതികൾക്കായി അനുവദിച്ചിട്ടുണ്ട്.

**ആധുനികവൽക്കരണം (പദ്ധതിയേതര ഇനം)**

വകുപ്പിലുണ്ടായിരുന്ന 110 എണ്ണം 0.32 പിസ്റ്റലുകൾക്ക് 8,53,122/- രൂപ ചില വിൽ 26,000 എണ്ണം വെടിയുണ്ടകൾ പൂനയിലെ അമ്മ്യൂണിഷൻ ഫാക്ടറിയിൽ നിന്നും വാങ്ങുകയും ടി പിസ്റ്റലുകൾ സൂക്ഷിക്കുന്നതിനായി 31,12,340 രൂപ ചിലവിൽ 110 സെക്യൂരിറ്റി ചെസ്റ്റുകൾ വാങ്ങി വിതരണം ചെയ്തിട്ടുള്ളതുമാണ്.

ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിനും, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വേണ്ടി ഫോട്ടോകോപ്പിയർ, സ്കാനർ, പ്രിന്റർ, ഫർണിച്ചർ എന്നിവ നാളിതുവരെയായി എക്സൈസ് ഓഫീസുകളിലേക്ക് വിതരണം ചെയ്തിട്ടുള്ളതാണ്.

എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ഫീൽഡ് ഓഫീസുകളുടെ പ്രവർത്തനങ്ങൾ സുഗമവും കാര്യക്ഷമവും ആക്കുന്നതിനും വേണ്ടി ആധുനിക കൈയ്യാമങ്ങൾ, ഹെൽമറ്റു

കൾ, ടോർച്ചുകൾ, റെയിൻകോട്ടുകൾ, വെയിംഗ് മെഷീനുകൾ, റിഫ്ളക്റ്റീവ് ജാക്കറ്റുകൾ, ട്രോളീ ലാഡറുകൾ, ഡിജിറ്റൽ ക്യാമറകൾ എന്നിവ വാങ്ങി വിതരണം ചെയ്തിട്ടുമുണ്ട്.

## പുതിയ ഓഫീസുകളും, തസ്തികകളും

അട്ടപ്പാടി ആദിവാസി മേഖലയിലെ മദ്യത്തിന്റേയും മയക്ക് മരുന്നിന്റെയും വ്യാപകമായ ഉപയോഗം നിയന്ത്രിക്കുന്നതിനായി ടി മേഖലയിൽ 15 തസ്തികകൾ പുതുതായി സൃഷ്ടിച്ചുകൊണ്ട് ഒരു ജനമൈത്രി എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിച്ചു. കൂടാതെ കോട്ടയംജില്ലയിൽ, 18 തസ്തികകൾ പുതുതായി സൃഷ്ടിച്ചുകൊണ്ട് എരുമേലി റേഞ്ചും രൂപീകരിച്ചിട്ടുള്ളതാണ്.

അബ്കാരി/എൻ.ഡി.പി.എസ് കേസ്സുകളുടെ സ്ഥിതിവിവരകണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും കുറ്റവാളികളുടെ വിവരം ശേഖരിക്കുന്നതിനും വേണ്ടി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണർ ഉൾപ്പെടെ 9 പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് എക്സൈസ് വകുപ്പിൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ രൂപീകരിച്ചു.

മദ്യത്തിന്റെയും മയക്കു മരുന്നിന്റെയും ഉപയോഗത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ

സംഘടിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ തസ്തിക സൃഷ്ടിച്ചുകൊണ്ട് ഒരു പ്രത്യേക വിഭാഗം ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്.

## പുതിയ വാഹനങ്ങൾ

എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും, അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടേയും കടത്തും വിൽപ്പനയും മറ്റും സംബന്ധിച്ച രഹസ്യവിവരം ശേഖരിക്കുന്നതിനും 2011-12 വർഷത്തിൽ 1.74 കോടി രൂപാചിലവിൽ 33 ജീപ്പുകൾ, 5 കാറുകൾ എന്നിവയും 2012-13 വർഷത്തിൽ 32,26,921/- രൂപാ ചിലവിൽ 70 മോട്ടോർ ബൈക്കുകളും ഫീൽഡ് ഓഫീസുകളിൽ വാങ്ങി നൽകിയിട്ടുള്ളതുമാണ്. കൂടാതെ 2013-14 സാമ്പത്തിക വർഷത്തിൽ 23,91,678/- രൂപാ ചിലവിൽ 48 മോട്ടോർ ബൈക്കുകളും 4,87,079/- രൂപ ചിലവിൽ ഒരു ജീപ്പും 2014-15 വർഷത്തിൽ 23,91,707/- രൂപ ചിലവിൽ 48 മോട്ടോർ ബൈക്കുകളും, 52,02,409/- രൂപ ചിലവിൽ 9 ജീപ്പുകളും 7,25,297 രൂപ ചിലവിൽ ഒരു Xylo കാറും എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി വാങ്ങി

നൽകിയിട്ടുള്ളതാണ്. 2015-2016 സാമ്പത്തിക വർഷത്തിലെ പദ്ധതിയേതര ഇനത്തിൽ അനുവദിച്ച 2 കോടി രൂപ ഉപയോഗിച്ച് വകുപ്പിന് 21 വാഹനങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

## വാർത്താവിനിമയം

എക്സൈസ് വകുപ്പിലെ എല്ലാ ഓഫീസുകളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ മുതൽ മുകളിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും, എക്സൈസ് ഇന്റലിജൻസ് ബ്യൂറോ എക്സൈസ് ഇൻസ്പെക്ടർമാർക്കും ഇ-മെയിൽ ഐ.ഡി നൽകിയിട്ടുണ്ട് കൂടാതെ എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും, രഹസ്യവിവരം ശേഖരിക്കുന്നതിനും ഫീൽഡ് യൂണിറ്റുകളിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ എന്നീ റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് 858 ബി.എസ്.എൻ.എൽ സിം കാർഡ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

### ഇ-പേയ്മെന്റ്

വാണിജ്യനികുതി വകുപ്പിന്റെ ഇ-പേയ്മെന്റ് സംവിധാനമായ KVATIS എന്ന സോഫ്റ്റ്‌വെയർ കസ്റ്റമൈസ് ചെയ്ത് ഒരു പുതിയ മൊഡ്യൂൾ രൂപീകരിച്ച് എക്സൈസ് വകുപ്പ് ഇ-പേയ്മെന്റ്

സംവിധാനം നടപ്പിൽവരുത്തുകയും ടി സോഫ്റ്റ് വെയർ വഴി എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട വിവിധ ഇനം ഫീസുകൾ ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനം വകുപ്പിൽ നിലവിൽ ഏർപ്പെടുത്തിയിട്ടുമുണ്ട്.

**<u>ഇ-ഫയലിംഗ്, ഇ-സർവ്വീസ്</u>**

എക്സൈസ് വകുപ്പിൽ ഇ-ഫയലിംഗ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ എക്സൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ ടി സംവിധാനം ആരംഭിക്കുന്നതിനുവേണ്ടി തീരുമാനിക്കുകയും ആയതിനു വേണ്ടിയുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. ഇ-ഫയലിംഗ് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ വിവിധ ഓഫീസുകളിലേയ്ക്കായി 96 കമ്പ്യൂട്ടറുകൾ വാങ്ങി നൽകിയിട്ടുള്ളതുമാണ്. കൂടാതെ ടി സംവിധാനം കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിന്റെഭാഗമായി എക്സൈസ് കമ്മീഷണറേറ്റിൽ അൻപത് ലക്ഷം രൂപ ചിലവിൽ ക്യൂബിക്കിൾ സംവിധാനം പി. ഡബ്ള്യൂ.ഡി മുഖേന നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്

സേവനാവകാശ നിയമത്തിൽ ഉൾപ്പെട്ട 26 സേവനങ്ങളിൽനിന്നും ഓൺലൈൻ രൂപത്തിൽ നൽകുവാൻ കഴിയുന്ന 22 സർവ്വീസുകൾ കണ്ടെത്തിയിട്ടുണ്ട് അവയിൽ എഫ്.

എൽ.3 ലൈസൻസ് പുതുക്കൽ, എഫ്.എൽ-11 ലൈസൻസ് പുതുക്കൽ, എഫ്.എൽ-4(എ) ലൈസൻസ് പുതുക്കൽ, എഫ്.എഎൽ.6 ലൈസൻസ് അനുവദിക്കൽ, ബ്രാൻഡ് രജിസ്ട്രേഷൻ എന്നീ അഞ്ചിനം സർവ്വീസുകൾ നാഷണൽ ഇൻഫോമാറ്റിക്സ് സെന്ററിന്റെ സർവ്വീസ് പ്ലസ് എന്ന സോഫ്റ്റ്വെയർ കസ്റ്റമൈസ് ചെയ്ത് ഇലക്ട്രോണിക്സ് രൂപത്തിൽ നൽകിവരുന്നു. ഇതു കൂടാതെ മറ്റ് സർവ്വീസുകളും ഇപ്രകാരം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ